പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4508 25/10/2016 -ൽ മറുപടിയ്ക്ക്

കാവുകളുടെ സംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ബഹു. ഊർജ്ജവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | ക്ഷേത്രങ്ങളോടനുബന്ധിച്ച് നിലകൊള്ളുന്ന കാവുകളുടെ സംരക്ഷണത്തിനായി നിലവിലുള്ള പദ്ധതികൾ വ്യക്തമാക്കുമോ; വിവിധ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് കാവ് സംരക്ഷണം പരിഗണിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; | എ) | ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സംരക്ഷണത്തിനായി സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നു. ഇതു സംബന്ധിച്ച നിബന്ധനകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രധാന ക്ഷേത്ര കാവുകളായ പൊയിൽക്കാവ്, മുച്ചുകുന്ന്, കോട്ടക്കാവ് എന്നിവ സംരക്ഷിക്കാൻ പദ്ധതി തയ്യാറാക്കുമോ; ആയതിന്റെ തുടർനടപടി സ്വീകരിക്കുമോ? | ബി) | ഇത് സംബന്ധിച്ചുള്ള നിർദ്ദേശമൊന്നും മലബാർ ദേവസ്വം ബോർഡിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## നിബന്ധനകൾ

(i) ക്ഷേത്രക്കുളങ്ങൾക്ക് അരികിലുള്ള വൃക്ഷങ്ങൾ, മുളങ്കാടുകൾ, മറ്റ് വള്ളിപ്പടർപ്പുകൾ എന്നിവ വെട്ടിമാറ്റാൻ പാടുള്ളതല്ല.

(ii) കുളങ്ങൾ നവീകരിക്കാനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ, ആ ക്ഷേത്രക്കുളങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

(iii) ഒരു കുളത്തിന്റെ നവീകരണത്തിന് സാധാരണഗതിയിൽ ചെലവ് 20 ലക്ഷം രൂപ കവിയാൻ പാടില്ല.

(iv) കാവുകളുടെ പരിരക്ഷയിൽ പരിസ്ഥിതി മൂല്യങ്ങൾക്ക് പരമാവധി പ്രാധാന്യം കൊടുക്കു കയും അവസ്ഥ ഭീഷണി നേരിടുന്ന ഘടകങ്ങളെ പ്രതിരോധിക്കാനുമായിരിക്കണം ശ്രമിക്കേണ്ടത്. Least Invensive approach ആയിരിക്കണം കാവുകളുടെ സംരക്ഷണ ത്തിൽ അവലംബിക്കേണ്ടത്. നവീകരണ പ്രക്രീയകൾ കാവുകളിൽ നിലവിലുള്ള ആചാരങ്ങളിൽ ഇടപെടാൻ പാടില്ല. കാവുകളുടെ സംരക്ഷണത്തിന് ചെലവിടാനുള്ള തുക പരമാവധി 5 (അഞ്ച്) ലക്ഷമായി നിജപ്പെടുത്തുന്നതാണ്.

(v) ആൽത്തറകളുടെ സംരക്ഷണത്തിന് പരാമവധി 50,000/-രൂപ മാത്രമേ അനുവദിക്കാവൂ. ആൽത്തറകൾ, തെരഞ്ഞെടുക്കുമ്പോൾ അത് എല്ലാ വിഭാഗം ജനങ്ങളും ഉപയോഗി ക്കുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(vi) ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ, ആൽത്തറകൾ, കാവുകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ കൂടി ഈ പദ്ധതി പ്രകാരം പരിഗണിക്കേണ്ടതാണ്.

(vii) ചെലവുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ടത് അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർമാരാണ്.

(viii) ആൽത്തറകൾ, കുളങ്ങൾ എന്നിവ പൊതുജനങ്ങൾ ഉപയോഗിക്കുന്നതാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.

(ix) കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ ഏതെങ്കിലും ക്ഷേത്രത്തോട് ചേർന്നുള്ളതാണെന്നുള്ള സർട്ടിഫിക്കറ്റ് ദേവസ്വം സബ്ഗ്രൂപ്പ് ഓഫീസർ നൽകേണ്ടതാണ്.

(x) പണിയുടെ പുരോഗതി വിലയിരുത്തി സഹായധനം രണ്ടോ, മൂന്നോ ഗഡുക്കളായി നൽകേണ്ടതാണ്.

സെക്ഷൻ ഓഫീസർ